# അദ്ധ്യായം 84 സൂറ:അൽ ഇൻശിഖാഖ്വ് -ഭാഗം-1 سورة الانشقاق

**( മക്കയിൽ അവതരിച്ചു. സൂക്തങ്ങൾ 25 )**

بسم الله الرحمن الرحيم

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹിവിന്റെ എല്ലാനാമവും
പറഞ്ഞ് അനുഗ്രഹം തേടിക്കൊണ്ട് ഞാൻ ആരംഭിക്കുന്നു

ഭാഗം 1- (1 മുതൽ 15 വരെ സൂക്തങ്ങളുടെ വിശദീകരണം )

1. إِذَا السَّمَاء انشَقَّتْ

ആകാശം പിളരുമ്പോൾ

2. وَأَذِنَتْ لِرَبِّهَا وَحُقَّتْ

അത് അതിന്റെ രക്ഷിതാവിനു കീഴ്പ്പെടുകയും ചെയ്യുമ്പോൾ-കീഴ്പ്പെടൽ അതിന്നു കടപ്പെട്ടിരിക്കുന്നു താനും

3. وَإِذَا الْأَرْضُ مُدَّتْ

ഭൂമി നീട്ടപ്പെടുകയും(വിശാലമാക്കപ്പെടുക)ചെയ്യുമ്പോൾ

4. وَأَلْقَتْ مَا فِيهَا وَتَخَلَّتْ

ഭൂമി അതിലുള്ളതിനെ പുറത്തേക്കിടുകയും അത് ഒഴിവാകുകയും(കാലിയാവുക) ചെയ്യുമ്പോൾ

5. وَأَذِنَتْ لِرَبِّهَا وَحُقَّتْ

അത് അതിന്റെ റബ്ബിന് കീഴ്പ്പെടുകയും (കീഴ്പ്പെടൽ അതിനു കടപ്പെട്ടിരിക്കുന്നു താനും) ചെയ്യുമ്പോൾ.

ആകാശം പൊട്ടിപ്പിളരുക, മനുഷ്യർ, നിധികൾ തുടങ്ങി ഭൂഗർഭത്തിലുള്ളതെല്ലാം പുറത്തേക്ക് വരിക,ഭൂമുഖത്തുള്ള പർവ്വതങ്ങളെല്ലാം തൽസ്ഥാനങ്ങളിൽ നിന്ന് നീക്കപ്പെട്ട് ഭൂമി വിശാലമായിത്തീരുക, മുതലായ അതീവ ഗൗരവ ഘട്ടത്തിലാണ് അന്ത്യനാൾ ഉണ്ടാവുക. അകാശഭൂമികൾ എത്ര വലിയ സൃഷ്ടികളാണെങ്കിലും അവ അല്ലാഹുവിന്റെ കൽപനക്ക് പരിപൂർണ്ണമായും കീഴൊതുങ്ങിയാണ്

നിലകൊള്ളുന്നത് അത് അവയുടെ ബാദ്ധ്യതയുമാണ് എല്ലാം അല്ലാഹുവിന്‍റെ സൃഷ്ടിയും അവന്‍റെ ഉദ്ദേശ്യമനുസരിച്ച് പ്രവര്‍ത്തിക്കുന്നവയുമാണല്ലോ!

ഇബ്്നു ഉമര്‍(റ) നബി(സ്വ) യില്‍ നിന്ന് ഉദ്ധരിക്കുന്നു.ഭൂമി അതിനുള്ളിലുള്ളതിനെ പുറത്തിടും എന്നതിന്‍റെ വിശദീകരണമെന്നോണം അവിടുന്നു പറഞ്ഞു. 'ഞാനാണ് ആദ്യമായി ഭൂമി പിളര്‍ന്ന് പുറത്ത് വരുന്നത്.ഞാന്‍ ഖബ്റില്‍ എഴുന്നേറ്റിരിക്കും അപ്പോള്‍ ഭൂമി ഇളകും ഞാന്‍ ചോദിക്കും എന്തു പറ്റി എന്ന്.ഭൂമി പറയും അല്ലാഹു എന്‍റെ ഉള്ളിലുള്ളതിനെയെല്ലാം പുറത്തിടാനും ഒന്നുമില്ലാതിരുന്ന കാലത്തെ പോലെ കാലിയാവാനും എന്നോട് കല്‍പ്പിച്ചിരിക്കുന്നു അതാണ് ഭൂമി അതിലുള്ളതിനെ പുറത്തിടും എന്ന് പറഞ്ഞത് (അദ്ദുര്‍ അല്‍മന്‍ഥൂര്‍ 6-547)

6. يَا أَيُّهَا الْإِنسَانُ إِنَّكَ كَادِحٌ إِلَى رَبِّكَ كَدْحًا فَمُلَاقِيهِ

ഹേ മനുഷ്യാ!നിശ്ചയം നീ നിന്‍റെ രക്ഷിതാവിങ്കലേക്ക് (തീവ്രമായ)അദ്ധ്വാനം അദ്ധ്വാനിച്ച്കൊണ്ടിരിക്കുന്നതാണ് അങ്ങനെ നീ അവനെ കണ്ട് മുട്ടുന്നതാണ്.

മനുഷ്യന്‍ ജീവിതകാലമത്രയും ഒരു നിലക്കല്ലെങ്കില്‍ മറ്റൊരു നിലക്ക് അദ്ധ്വാനിച്ചും ക്ലേശപ്പെട്ടും കൊണ്ടേയിരിക്കുക എന്നത് സഹജമാണ്. ചിലര്‍ നന്മയിലും മറ്റു ചിലര്‍ തിന്മയിലുമായിരിക്കും അദ്ധ്വാനിക്കുന്നതെന്ന് മാത്രം. എന്നാല്‍ അങ്ങനെ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന മനുഷ്യന്‍ ഒരുനാള്‍ മരണത്തിനു കീഴൊതുങ്ങുകയും തന്‍റെ നാഥനെ കണ്ട് മുട്ടേണ്ടിവരികയും ചെയ്യും അങ്ങനെ തന്‍റെ കഴിഞ്ഞകാല ചെയ്തികള്‍ വിചാരണ ചെയ്യപ്പെടുകയും പ്രതിഫലം വാങ്ങേണ്ടിയും വരും അതിനാല്‍ എന്തായാലും അദ്ധ്വാനിക്കുന്ന മനുഷ്യന്‍ അത് നന്മലഭിക്കാനായി അദ്ധ്വാനിക്കാന്‍ ശ്രമിക്കണം എന്നാണിവിടെ സൂചിപ്പിക്കുന്നത്.

ഇമാം മുസ്ലിം(റ) നിവേദനം ചെയ്യുന്ന ഒരു നബി വചനത്തില്‍ കാണാം.

كل الناس يغدو فبائع نفسه فمعتقها أوموبقها (مسلم)

ഓരോ മനുഷ്യനും കാലത്ത് പുറപ്പെടുന്നു എന്നിട്ട് അവര്‍ സ്വന്തം ശരീരത്തെ വിറ്റുകൊണ്ടിരിക്കുന്നു അങ്ങനെ ഒന്നുകില്‍ സ്വശരീരത്തെ അവന്‍ രക്ഷപ്പെടുത്തുന്നവനോ അല്ലെങ്കില്‍ അതിനെ നാശപ്പെടുത്തുന്നവനോ ആവും അവന്‍(മുസ്ലിം) ഇമാം ത്വബരി(റ) എഴുതുന്നു. ഓ മനുഷ്യാ! നീ എന്തു ചെയ്താലും അല്ലാഹുവിന്‍റെ അടുത്ത്നിന്ന് നീ അതിന്‍റെ പ്രതിഫലം വാങ്ങേണ്ടി വരും അതിനാല്‍ നിന്‍റെ പ്രവര്‍ത്തനങ്ങളെല്ലാം അല്ലാഹുവിന്‍റെ കോപത്തില്‍ നിന്ന് നിന്നെ രക്ഷിക്കാനും അവന്‍റെ പൊരുത്തം ലഭ്യമാക്കാനും

ഉപയുക്തമാക്കുക. അഥവാ അവന്‌റെ ദേഷ്യത്തിനു കാരണമാവുന്നവയാണു നിന്‌റെ പ്രവര്‍ത്തനങ്ങളെങ്കില്‍ നീ നാശമടഞ്ഞത് തന്നെ!(ത്വബരി 30/126)

7. فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ

എന്നാല്‍ ഏതൊരുവനു തന്‌റെ ഗ്രന്ഥം വലത് കയ്യില്‍ കൊടുക്കപ്പെട്ടുവോ

8. فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا

അപ്പോള്‍ അവന്‍ (വഴിയെ)ലഘുവായ വിചാരണ ചെയ്യപ്പെടുന്നതാണ്.

9. وَيَنقَلِبُ إِلَى أَهْلِهِ مَسْرُورًا

അവന്‍ തന്‌റെ സ്വന്തക്കാരിലേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ച് പോകുന്നതുമാണ്.

നാഥനുമായി കണ്ട്മുട്ടുമ്പോള്‍ മനുഷ്യന്‍ ഒന്നുകില്‍ സജ്ജനങ്ങളില്‍പെട്ടവനോ അല്ലെങ്കില്‍ ദുര്‍ജ്ജനങ്ങളില്‍പെട്ടവനോ ആയിരിക്കും. ആദ്യത്തെ വിഭാഗത്തില്‍ പെട്ടവനാണെങ്കില്‍ അവനു തന്‌റെ കര്‍മ്മ രേഖയാവുന്ന ഗ്രന്ഥം വലതു കയ്യില്‍ നല്‍കപ്പെടും അതൊരു ശുഭസൂചനയായിരിക്കും അവനു നാമമാത്രമായ വിചാരണമാത്രമേ ഉണ്ടാവുകയുള്ളൂ.അത് കഴിയുമ്പോള്‍ അവനു തന്‌റെ സ്വന്തക്കാരിലേക്ക് വളരെ സന്തോഷത്തോടെ മടങ്ങി ചെല്ലുകയും ചെയ്യും. ഇവിടെ പറഞ്ഞ സ്വന്തക്കാര്‍ അവന്‌റെ സദ്വൃത്തരായ കൂട്ടുകാര്‍, കുടുംബാംഗങ്ങള്‍ മുതലായവരോ സ്വര്‍ഗത്തില്‍ അവനു നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്വന്തക്കാരോ(സ്വര്‍ഗസ്ത്രീകള്‍) ആകാവുന്നതാണ്(ബൈളാവി.2/581)

ഇവിടെ പറഞ്ഞ ലഘുവായ വിചാരണ എന്നാല്‍ അവന്‌റെ കര്‍മ്മങ്ങള്‍ അല്ലാഹു പരിശോധിക്കുകയും എന്നിട്ട് അതിലെ തിന്മകള്‍ പൊറുത്ത് കൊടുക്കുകയും നന്മകള്‍ക്ക് പ്രതിഫലം നല്‍കപ്പെടുകയും ചെയ്യുക എന്നാണ്. ഇമാം ത്വബരി(റ) എഴുതുന്നു. ‘ആഇശബീവി(റ) പറഞ്ഞു നബി(സ്വ) നിസ്ക്കാരത്തില്‍ അല്ലാഹുവേ എന്നെ ലഘുവായ വിചാരണ ചെയ്യേണമേ എന്ന് പ്രാര്‍ത്ഥിക്കുന്നത് ഞാന്‍ കേട്ടു.നിസ്ക്കാര ശേഷം ഞാന്‍ നബി(സ്വ)യോട് ചോദിച്ചു എന്താണ് നബിയേ ലഘുവായ വിചാരണ? അവിടുന്ന് പറഞ്ഞു അല്ലാഹു മനുഷ്യന്‌റെ തിന്മകള്‍ കണ്ടിട്ടും അത് വിട്ട് കൊടുക്കലാണ്(മാപ്പ് നല്‍കലാണ്) കാരണം ആരെയെങ്കിലും കണിശമായി വിചാരണ ചെയ്യപ്പെട്ടാല്‍ അവന്‍ നശിച്ചത് തന്നെ!(ത്വബ്‌രി 30/127).

ഇമാം റാസി(റ) എഴുതുന്നു. ‘ലഘുവായ വിചാരണയെന്നാല്‍ അല്ലാഹു

മനുഷ്യന്റെ കർമ്മങ്ങൾ നോക്കി നന്മക്ക് പ്രതിഫലം നൽകുകയും തിന്മക്ക് മാപ്പു കൊടുക്കുകയും ചെയ്യലാണ്. കാരണം തിന്മകൾ ചൂണ്ടിക്കാട്ടി നീ എന്തിന് ഇത് ചെയ്തു എന്ന് അല്ലാഹു ചോദിച്ചാൽ ഇവനു കാരണം ബോധിപ്പിക്കാനാവാതെ അവൻ വഷളാവും അതിൽ നിന്ന് അവനെ രക്ഷിക്കാനായി അല്ലാഹു അത് മാപ്പാക്കുന്നതാണ്. അങ്ങനെ അവൻ തന്റെ സ്വന്തക്കാരുടെ സമീപത്ത് സസന്തോഷം എത്തിച്ചേരും (റാസി31/98).

ഇമാം സുയൂഥി (റ) എഴുതുന്നു.ഇമാം ബസ്സാർ,ഥബ് റാനി,ഹാക്കിം(റ:അ)എന്നിവർ അബൂഹുറൈറ:(റ)വിൽ നിന്ന് നബി(സ്വ) പറഞ്ഞതായി ഉദ്ധരിക്കുന്നു.മൂന്ന് ഗുണങ്ങൾ ആരിലുണ്ടോ അവനെ പരലോകത്ത് ലഘുവായ വിചാരണ മാത്രമേ അല്ലാഹു ചെയ്യുകയുള്ളൂ!അവനെ അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.തടഞ്ഞവർക്ക് നൽകുക (തനിക്കൊരു അത്യാവശ്യം വന്ന് സഹായം തേടിയപ്പോൾ സഹായിക്കാൻ കൂട്ടാക്കാത്തവനു ഒരു ആവശ്യം വന്നപ്പോൾ സഹായിക്കുക എന്ന് സാരം) അക്രമിച്ചവർക്ക് മാപ്പ് കൊടുക്കുക ഇങ്ങോട്ട് ബന്ധം മുറിച്ചവരോട് അങ്ങോട്ട് ബന്ധം ചേർക്കുക എന്നിവയാണാ മൂന്ന് കാര്യങ്ങൾ (അദ്ദുർ അൽ മൻഥൂർ 6/548)

ചുരുക്കത്തിൽ വലത് കയ്യിൽ ഗ്രന്ഥം നൽകപ്പെടുന്ന ഭാഗ്യവാന്മാരിലുൾപ്പെടാൻ ആവശ്യമായ കണക്ക് കൂട്ടലുകൾ ഉണ്ടാവുകയും അതിനു അനുസൃതമായി ജീവിതം ക്രമീകരിക്കുകയും ചെയ്യണം അതാണ് നമ്മുടെ കടമ! അവകാശങ്ങളെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും ഉത്തര വാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടുകയും ചെയ്യുന്നവരെക്കൊണ്ട് നിറയുന്ന ഈ ലോകത്തിന് ദിശാബോധം നൽകാൻ തികച്ചും മതിയായതത്രെ ഈ തത്വം!

وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاء ظَهْرِهِ .10

ഏതൊരുവനു തന്റെ ഗ്രന്ഥം അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ.

فَسَوْفَ يَدْعُو ثُبُورًا .11

അവൻ വഴിയെ എന്റെ നാശമേ എന്ന് വിളി(ച്ച് നിലവിളി)ക്കുന്നതാണ്.

وَيَصْلَى سَعِيرًا .12

ആളിക്കത്തുന്ന അഗ്നിയിൽ അവൻ കടന്നെരിയുകയും ചെയ്യും.

إِنَّهُ كَانَ فِي أَهْلِهِ مَسْرُورًا .13

(കാരണം)അവൻ തന്റെ സ്വന്തക്കാർക്കിടയിൽ വെച്ച് സന്തോഷം കൊള്ളുന്നവൻ തന്നെ ആയിരുന്നു

إِنَّهُ ظَنَّ أَن لَّن يَحُورَ .14

താൻ അല്ലാഹുവിലേക്ക് മടങ്ങി വരുന്നതേ അല്ല എന്ന് അവൻ ധരിച്ചു.

بَلَى إِنَّ رَبَّهُ كَانَ بِهِ بَصِيرًا .15

അതെ! (അവൻ മടങ്ങി വരിക തന്നെ ചെയ്യും) അവന്റെ നാഥൻ അവനെപ്പറ്റി നല്ലവണ്ണം കണ്ടറിയുന്നവൻ തന്നെയായിരുന്നു.

ദുർജനങ്ങൾക്ക് അവരുടെ കർമ്മരേഖ പിൻഭാഗത്ത് നിന്ന് ഇടത് കയ്യിലായിരിക്കും നൽകപ്പെടുക അത് തന്നെ ഒരു അശുഭ ലക്ഷണവും പരാജയ സൂചനയും ആയിരിക്കും അവന്റെ വിചാരണയും വളരെ കടുത്ത തായിരിക്കും ഗ്രന്ഥം കയ്യിൽ കിട്ടുമ്പോൾ തന്നെ അവരുടെ പരാചയം അവർക്ക് ബോദ്ധ്യപ്പെടുകയും. അയ്യോ നാശമേ എന്ന് നിലവിളികൂട്ടുകയും ചെയ്യും പക്ഷെ ആ നിലവിളിക്ക് യാതൊരു ഫലവുമുണ്ടാവില്ല കാരണം സ്വന്തം ഭാവിയെക്കുറിച്ചുള്ള ചിന്തയോ അല്ലാഹുവിനെക്കുറിച്ചുള്ള ബോധമോ ഇല്ലാതെ തന്റെ സ്വന്തക്കാരുടെയും ആൾക്കാരുടെയും കൂട്ടത്തിൽ തികച്ചും സംതൃപ്തനും സന്തുഷ്ടനുമായിക്കൊണ്ട് അവൻ തന്റെ ഭൗതിക ജീവിതം കഴിച്ച്കൂട്ടുകയും ഈ ജീവിതം സുഖിക്കാനുള്ളതാണെന്നും പിന്നെയൊരു പുനർജ്ജന്മം ഉണ്ടാവില്ലെന്നും ധരിക്കുകയും ചെയ്തു ഈ നിഷേധമാണവന്റെ തിരിച്ചടിക്ക് കാരണം. എന്നാൽ അല്ലാഹുവിലേക്ക് തിരിച്ചു വരാതെയും അവന്റെ പിടുത്തത്തിൽ അകപ്പെടാതെയും ഇരിക്കുക സാദ്ധ്യമല്ല തന്നെ! അവനെ സൃഷ്ടിച്ച് വളർത്തിയ അവന്റെ രക്ഷിതാവ് സദാ അവനെ നിരീക്ഷിച്ച് കൊണ്ടിരിക്കുകയാണല്ലോ!

ഇമാം റാസി(റ)എഴുതുന്നു. 'നിസ്ക്കാരം, നോമ്പ് തുടങ്ങിയ ആരാധനകൾ നിർവ്വഹിക്കാതെയും കുറ്റങ്ങൾ യഥേഷ്ടം ചെയ്തും യാതൊരു വിധിവിലക്കുകളുടെ മതിൽക്കെട്ടുകളും തന്നെ അലോസരപ്പെടുത്താതെയും സുഖത്തിൽ മുഴുകുകയായിരുന്നു അവൻ. അങ്ങനെ അവന്റെ നൈമിഷിക സുഖത്തിനായി അല്ലാഹുവിനെ വിസ്മരിച്ചുള്ള ഐഹികജീവിതത്തിനു സാശ്വത ദുഃഖം പകരം നൽകപ്പെട്ടു എന്നാൽ സത്യവിശ്വാസി ഭൂമിയിലെ ജീവിതത്തിൽ ആരാധനയുടെ കഷ്ടപ്പാടും പരലോകത്ത് പരാചയപ്പെട്ടേക്കുമോ എന്ന ഭയവും കാരണം ഐഹികജീവിതത്തിൽ അത്രയൊന്നും സന്തോഷവാനാവാതെ കഷ്ടപ്പാടുകൾ സഹിച്ച് കഴിയുകയായിരുന്നു'. (ഇതാണ് ഭൂമി അവിശ്വാസിക്ക് സ്വർഗവും സത്യവിശ്വാസിക്ക് ജയിലുമാണെന്ന് നബി(സ്വ) പറഞ്ഞത് ) അവനു ശാശ്വത സന്തോഷം കൊണ്ടുള്ള അംഗീകാരം അല്ലാഹു നൽകുകയാണ്

ചെയ്തത്(റാസി 31/ 100)

അല്ലാഹു പരലോകത്ത് രക്ഷപ്പെടുന്നവരിൽ നമ്മെയെയെല്ലാം ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ ആമീൻ

## അദ്ധ്യായം 84 ; സൂറ: അൽ ഇൻശിഖാഖ് -ഭാഗം 2 سورة الانشقاق

( മക്കയിൽ അവതരിച്ചു. സൂക്തങ്ങൾ 25 )

بسم الله الرحمن الرحيم

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹിവിന്റെ എല്ലാനാമവും പറഞ്ഞ് അനുഗ്രഹം തേടിക്കൊണ്ട് ഞാൻ ആരംഭിക്കുന്നു

**ഭാഗം 2 ( 16 മുതൽ 25 വരെയുള്ള സൂക്തങ്ങളുടെ വിശദീകരണം )**

16. فَلَا أُقْسِمُ بِالشَّفَقِ

എന്നാൽ അസ്തമയ സമയത്തെ ശോഭകൊണ്ട് ഞാൻ സത്യം ചെയ്യുന്നു

17. وَاللَّيْلِ وَمَا وَسَقَ

രാത്രിയും അതുൾക്കൊള്ളുന്നവയും കൊണ്ടും(ഞാൻ സത്യം ചെയ്യുന്നു)

18. وَالْقَمَرِ إِذَا اتَّسَقَ

ചന്ദ്രനെ(അത് പൂർണ്ണത പ്രാപിച്ചുവരുമ്പോൾ)കൊണ്ടും ഞാൻ സത്യം ചെയ്യുന്നു

19. لَتَرْكَبُنَّ طَبَقًا عَن طَبَقٍ

തീർച്ചയായും നിങ്ങൾ ഘട്ടം ഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ്

20. فَمَا لَهُمْ لَا يُؤْمِنُونَ

എന്നിരിക്കെ ഇവർക്ക് എന്ത് പറ്റി?ഇവർ വിശ്വസിക്കുന്നില്ലല്ലോ!?

وَإِذَا قُرِئَ عَلَيْهِمُ الْقُرْآنُ لَا يَسْجُدُونَ .21

അവർക്ക് ഖുർആൻ ഓതിക്കൊടുക്കപ്പെട്ടാൽ അവർ സുജൂദ്(സാഷ്ടാംഗം)ചെയ്യുന്നുമില്ല?

അസ്തമയ സമയത്തെ ശോഭ,രാത്രി,രാത്രി ഉൾക്കൊള്ളുന്നവ അഥവാ അതിന്റെ ഇരുട്ടിൽ മറഞ്ഞ് പോവുന്നവ (പകലിൽ പലസ്ഥലങ്ങളിലായി വ്യാപിച്ച് കിടന്നിരുന്ന പലതരം ജീവികളും മറ്റും രാത്രിയാവുമ്പോൾ കൂടുകളിലും അവയുടെ കേന്ദ്രങ്ങളിലും എത്തിച്ചേരുന്നതുമൊക്കെ രാത്രി ഉൾക്കൊള്ളുന്നവ എന്നതിന്റെ വിശദീകരണത്തിൽ വരുന്നതാണ്) പൂർണ്ണ ദശപ്രാപിച്ച ചന്ദ്രൻ എന്നീ പ്രകൃതി ദൃഷ്ടാന്തങ്ങളെ ക്കൊണ്ട് സത്യം ചെയ്ത് അല്ലാഹു പറയുന്നത് നിങ്ങൾ വിവിധ ഘട്ടങ്ങൾ തരണം ചെയ്യുന്നുവെന്നാണ്. ശൈശവം,കൗമാരം,യുവത്വം,വാർദ്ധക്യം രോഗം,ആരോഗ്യം,സന്തോഷം,ദു:ഖം, സമൃദ്ധി,ദാരിദ്ര്യം തുടങ്ങി ധാരാളം അവസ്ഥകൾ മനുഷ്യൻ തരണം ചെയ്യുന്നു എന്തെങ്കിലും ഒരു കാര്യം സാധിക്കണമെങ്കിൽ അതിനായി പോലും അവൻ നെട്ടോട്ടമോടേണ്ടി വരുന്നു. പിന്നീട് മരണം, ഖബ്ർ, ഉയിർത്തെഴുന്നേൽപ്പ്, വിചാരണ,സ്വർഗമോ നരകമോ സ്വീകരിക്കൽ തുടങ്ങി ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അവൻ പ്രയാണം നടത്തിക്കൊണ്ടിരിക്കുന്നു അഥവാ മനുഷ്യജീവിതം നിശ്ചലമോ സുസ്ഥിരമോ ആയ ഒരു അവസ്ഥയിലല്ല. മാറ്റങ്ങൾക്ക് വിധേയമാണ് വ്യക്തികളിൽ മാത്രമല്ല സമൂഹങ്ങളിലും ഈ മാറ്റം പ്രകടം തന്നെയാണ് ഇതൊക്കെ അനുഭവത്തിൽ കാണുന്ന മനുഷ്യൻ തന്റെ ഭാവിയെക്കുറിച്ച് കൂടുതൽ ആലോചിക്കുകയും യഥാർത്ഥ ഭാവി പരലോകരക്ഷയിലാണെന്ന് തിരിച്ചറിയുകയും ചെയ്യേണ്ടതാണ് പക്ഷെ എന്നിട്ടും അവൻ വിശ്വസിക്കാത്തതെന്തേ എന്നാണ് അല്ലാഹു ചോദിക്കുന്നത്. സത്യവിശ്വാസം ഉൾക്കൊള്ളുകയും ഖുർആൻ കേട്ട് അല്ലാഹുവിനു മുന്നിൽ തലകുനിക്കാനോ അവൻ തയാറാവാത്തതെന്ത് ആശ്ചര്യം തന്നെ എന്നൊക്കെയാണ് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്!

ഇമാം റാസി(റ) എഴുതുന്നു. 'നിങ്ങൾ ഘട്ടം ഘട്ടമായി കയറിക്കൊണ്ടിരിക്കുന്നതാണ് എന്ന സൂക്തത്തിനു വിവിധ അർത്ഥങ്ങളുണ്ട്

(1) ഹേ മനുഷ്യ സമൂഹമേ! നിങ്ങൾക്ക് വിവിധ അവസ്ഥകളും വിവിധ താമസസ്ഥങ്ങളും താണ്ടിക്കടന്ന് വേണം മുന്നോട്ട് പോവാൻ അങ്ങനെ നിങ്ങൾ ഒന്നുകിൽ പ്രതിഫലത്തിന്റെ വീടായ സ്വർഗത്തിലോ ശിക്ഷയുടെ ഭവനമായ നരകത്തിലോ സ്ഥിരതാമസമാക്കും

(2) ജനങ്ങൾ അന്ത്യനാളിൽ വിവിധ പരീക്ഷണങ്ങൾ തരണം ചെയ്യേണ്ടിവരും പുനർജ്ജന്മത്തെ നിഷേധിക്കുന്നവരോട് അത് സംഭവിക്കുകതന്നെ ചെയ്യുമെന്ന് ആണയിട്ട് പറയുകയാണ് അല്ലാഹു

(3) ഭൂമിയിലെ സാഹചര്യങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ അവസ്ഥകൾ മനുഷ്യൻ പരലോകത്ത് അനുഭവിക്കും ഭൂമിയിൽ താഴ്ന്നവനായി അവഗണിക്കപ്പെട്ടിരുന്ന എത്രയോ ആളുകൾ അവിടെ ഉന്നതമായ സ്ഥാനങ്ങളിൽ വിരാജിക്കുമ്പോൾ ഭൂമിയിൽ വലിയ മഹത്വം കൽപ്പിക്കപ്പെട്ടിരുന്ന പലരും ഏറ്റവും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ടാവും ഭൂമിയിൽ കഷ്ടപ്പാടുകളിൽ ഉഴലേണ്ടി വന്നിരുന്ന പലരും തികഞ്ഞ സമൃദ്ധിയിൽ മതിമറന്ന് സന്തോഷിക്കുമ്പോൾ ഭൂമിയിൽ സുഖിച്ച് വാണിരുന്ന പലരും ദാഹജലം പോലും നൽകപ്പെടാത്തവിധം ശിക്ഷകൾ ഏറ്റുവാങ്ങുന്നുണ്ടാവും അതാണ് ഖുർആൻ തന്നെ മറ്റൊരു സ്ഥലത്ത് (സൂറ:അൽ വാഖിഅ:3-മത് സൂക്തത്തിൽ ചിലരെ താഴ്ത്തുകയും ചിലരെ ഉയർത്തുകയും ചെയ്യുമെന്ന് പറഞ്ഞത്). ഈ മൂന്നാമത് വ്യാഖ്യാനത്തോട് ഏറ്റവും യോജിക്കുന്നതരത്തിലാണ് നേരത്തേ നല്ലവർക്ക് വലത് കയ്യിൽ ഗ്രന്ഥം നൽകുമെന്നും അവർ സന്തോഷവാന്മാരാകുമെന്നും ഇടത് കയ്യിൽ ഗ്രന്ഥം ലഭിക്കുന്നവർക്ക് അത് വലിയ തിരിച്ചടിയാവുമെന്നും ഉണർത്തിയത്(ഇതേ അദ്ധ്യായത്തിലെ ഏഴുമുതൽ പതിനഞ്ച് വരെയുള്ള സൂക്തങ്ങളുടെ<u>വ്യാഖ്യാനം</u> ശ്രദ്ധിക്കുക)

(4) മുൻ കാലത്ത് ജീവിച്ചിരുന്ന ജൂത ക്യസ്ത്യാനികളുടെ മാർഗം പിൻ തുടരുന്നവർ നിങ്ങളിലുണ്ടാവും എന്നും അവരിൽ പ്രവാചകന്മാരെ നിഷേധിച്ചവരും മറ്റും ഉണ്ടായത് പോലെ നിങ്ങളിലുമുണ്ടാവും എന്നാണ് നാലാം വ്യാഖ്യാനം. പത്തൊമ്പതാം സൂക്തത്തിൽ لَتَرْكَبُنَّ എന്നിടത്ത് ഉകാരത്തിനു പകരം അകാരത്തിലും പാരായണമുണ്ട് അപ്പോൾ ഈ സംബോധന നബി(സ്വ) യോടാണ് അഥവാ തങ്ങൾക്ക് വിവിധ കയറ്റങ്ങളുണ്ട് എന്ന്! (തികച്ചും പരീക്ഷണങ്ങളിൽ തുടങ്ങിയ പ്രബോധനം ഒന്നേകാൽ ലക്ഷം അനുയായികളുടെ മുന്നിൽ വെച്ച് പൂർത്തീകരിക്കപ്പെട്ടു എന്ന് പ്രഖ്യാപിക്കാനായതും ലോകത്തിന്റെ എല്ലാ ഭാഗത്തും ഈ സന്ദേശം സർവ്വസ്വീകാര്യത നേടിയതും എല്ലാവർക്കും അറിവുള്ളതാണല്ലോ!) ഇനി ആകാശങ്ങളിലേക്ക് അങ്ങ് കയറും എന്നുമാവാം ഇവിടെ വിശദീകരണം ഏഴാകാശവും കടന്ന് ധാരാളം ഉപരിലോകത്ത് മിഅ്റാജിന്റെ രാത്രിയിൽ അവിടുന്ന് യാത്ര ചെയ്തത് സുപരിചിതമല്ലേ!(റാസി 31/102-103)

ഇരുപത്തി ഒന്നാം സൂക്തം പാരായണം ചെയ്താൽ ഓത്തിന്റെ സുജൂദ് ചെയ്യൽ സുന്നത്താണ്

22. بَلِ الَّذِينَ كَفَرُوا يُكَذِّبُونَ

(അത്രയുമല്ല)പക്ഷെ അവിശ്വസിച്ചവര്‍ നിഷേധിച്ച് കൊണ്ടിരിക്കുകയാണ്

23. وَاللَّهُ أَعْلَمُ بِمَا يُوعُونَ

അവര്‍(മനസ്സില്‍) സൂക്ഷിച്ച് വെക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

24. فَبَشِّرْهُم بِعَذَابٍ أَلِيمٍ

ആകയാല്‍(നബിയേ)തങ്ങള്‍ വേദനയേറിയ ഒരു ശിക്ഷയെപ്പറ്റി അവര്‍ക്ക് സന്തോഷവാര്‍ത്ത അറിയിക്കുക.

25. إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ

വിശ്വസിക്കുകയും സല്‍കര്‍മ്മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവര്‍ക്കൊഴികെ.അവര്‍ക്ക് മുറിഞ്ഞു(നഷ്ടപ്പെട്ട്) പോകാത്ത പ്രതിഫലമുണ്ട്.

അവര്‍ സത്യ വിശ്വാസം സ്വീകരിക്കുന്നില്ലെന്നും ഖുര്‍ആന്‍ കേട്ട് അല്ലാഹുവിനു സാഷ്ടാംഗം ചെയ്യുന്നില്ലെന്നും മാത്രമല്ല ഖുര്‍ആനെയും മറ്റും നിഷേധിച്ച് തള്ളുകകൂടി ചെയ്യുന്നുവെന്നും അവരുടെ മനസ്സിലിരിപ്പ് എന്താണെന്ന് അല്ലാഹുവിനു നന്നായി അറിയാമെന്നും അതിനാല്‍ അവര്‍ക്ക് വല്ല സന്തോഷവാര്‍ത്തയും അറിയിക്കാനുണ്ടെങ്കില്‍ അത് കഠിനമായ ശിക്ഷയെക്കുറിച്ചുള്ളതാണ്, അതേ സമയം സത്യം സ്വീകരിക്കുകയും നന്മപ്രവര്‍ത്തിക്കുകയും ചെയ്യുന്നവര്‍ക്കാവട്ടെ ഒരിക്കലും നഷ്ടപ്പെടാത്ത ശാശ്വതമായ പ്രതിഫലവും ഉണ്ടായിരിക്കും അവരുടെ മനസ്സിലുള്ളത് എന്നതുകൊണ്ട് ഉദ്ദേശ്യം.

ശിര്‍ക്കും(ബഹുദൈവത്വം), പ്രവാചകനെ നിഷേധിക്കല്‍, വിശ്വാസികളോടുള്ള അസൂയ അഹങ്കാരം തുടങ്ങിയവയാണ്. ഇമാം റാസി(റ) എഴുതുന്നു.വിശ്വസിക്കേണ്ടതിന്റെ അനിവാര്യത അവരെ ബോദ്ധ്യപ്പെടുത്താനാവശ്യമായ തെളിവുകള്‍ അവര്‍ക്ക് വ്യക്തമാണെങ്കിലും പൂര്‍വ്വികരായ അസത്യവാദികളെ പിന്‍പറ്റിയതിനാലോ വിശ്വാസികളോട് അസൂയയുണ്ടായതിനാലോ വിശ്വാസം പ്രഖ്യാപിച്ചാല്‍ ഭൂമിയില്‍ വല്ല സ്ഥാനമാനങ്ങളും നഷ്ടപ്പെട്ടേക്കാമെന്ന ഭയമോ കാരണത്താലാണ് അവര്‍ നിഷേധികളായി മാറിയത്(റാസി 30/104) ഭൗതിക നേട്ടങ്ങള്‍ക്ക് വേണ്ടി പരലോകജീവിതം നശിപ്പിക്കുന്നത് എന്ത് മാത്രം അബദ്ധമാണെന്ന് ചിന്തിക്കാത്തത്

മഹാകഷ്ടം തന്നെയല്ലേ! ബുദ്ധിമാൻ സ്വശരീരത്തെ അല്ലാഹുവിനു കീഴ്പ്പെടുത്തുകയും മരണശേഷമുള്ള ജീവിത സുരക്ഷക്കായി അദ്ധ്വാനിക്കുന്നവനുമാണെന്ന നബി വചനം എത്ര പ്രസക്തം!

അല്ലാഹു നല്ലത് മനസിലാക്കാനും ഉൾക്കൊണ്ട് ജീവിക്കാനും നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ ആമീൻ തുടരും (ഇൻശാ അല്ലാഹ്)